Received on 05/03/2020

8.ജനുവ
31/01/2020


# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920

Email:- sic.ker@nic.in


## ഹർജി നമ്പർ **CP.No.241(5)/19/SIC**

## തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം

## **File No.3746/SIC-G7/2019**

സന്നിഹിത

ശ്രീമതി പി.ആർ. ശ്രീലത, സംസ്ഥാന വിവരാവകാശ കമ്മീഷണർ

Shri. Shahudeen Kunju. J,
Sidhique Manzil,
Near Pandarakulam,
T.K.M College P.O,
Kollam – 691 005. } Petitioner

The State Public Information Officer &
Headmaster,
G.B. H.S.S, Tirur,
Thekkummuri P.O,
Malappuram. } Respondent

ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 12.10.2018 |
| എതിർകക്ഷിയുടെ മറുപടി | 05.11.2018 |
| കമ്മീഷൻ മുമ്പാകെ പരാതി നൽകിയ തീയതി | 06.03.2019 |
| ഹിയറിംഗ് തീയതി, സ്ഥലം | 29.10.2019, കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കൊല്ലം |
| എതിർകക്ഷി | ഹാജരായിരുന്നു |
| പരാതിക്കാരൻ | ഹാജരായിരുന്നില്ല |

1. പരാതിക്കാരൻ എസ്.പി.ഐ.ഒയോട് ആവശ്യപ്പെട്ടത്, 01.07.2014 മുതൽ 01.03.2018 വരെ കാലയളവിൽ ജി.ബി. എച്ച്.എസ്സ്.എസ്സ് തിരൂരിൽ നിന്ന് ഡെപ്യൂട്ടേഷനിൽ പോയ ജീവനക്കാർ ആരൊക്കെ, ടി കാലയളവിൽ ഡെപ്യൂട്ടേഷനിൽ പോയവരുടെ പേ ഫിക്സേഷൻ അരിയർ പി.എഫ് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടോ, പേ ഫിക്സേഷൻ അരിയർ പി.എഫ് അക്കൗണ്ടിൽ ഇട്ടിട്ടില്ലാ എങ്കിൽ അതിന്റെ കാരണം, 08.03.2018 മുതൽ 31.03.2018 വരെ എച്ച്.എസ്.എ (മാത്സ്) തസ്തികയിൽ ശ്രീമതി നജീബയ്ക്ക് പകരമായി ദിവസവേതനത്തിലോ കോൺട്രാക്ട് അടിസ്ഥാനത്തിലോ ടീച്ചറായി ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവർക്ക് ഏത് അക്കൗണ്ടിൽ നിന്നാണ് ശമ്പളം നൽകിയത് എന്നിങ്ങനെയുള്ള വിവരങ്ങളാണ്.

2. പ്രസ്തുത അപേക്ഷയ്ക്ക് മറുപടി ലഭ്യമാകാത്തതിനെ തുടർന്ന് പരാതിക്കാരൻ 31.12.2018 ൽ ഒന്നാം അപ്പീൽ സമർപ്പിച്ചു. തുടർന്ന് അപ്പീൽ അധികാരി 2,3 ചോദ്യങ്ങൾക്ക് തെറ്റായ വിവരം നൽകി എന്നും എസ്.പി.ഐ.ഒ മറുപടി നൽകിയിട്ടില്ല എന്നും എതിർകക്ഷിക്കെതിരെ നിയമനടപടി സ്വീകരിക്കണം എന്നും പരാതിപ്പെട്ടു കൊണ്ടാണ് കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിച്ചത്.

3. പരാതി ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. നേർവിചാരണയ്ക്ക് ഹാജരായ എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ അറിയിച്ചത്, 15.10.2018 തീയതി സ്വീകരിച്ച പരാതിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് 05.11.2018 തീയതി വിവരം നൽകി എന്നാണ്.

4. മേൽ പരാമർശ വിഷയവുമായി ബന്ധപ്പെട്ട് എസ്.പി.ഐ.ഒ സമർപ്പിച്ച റിപ്പോർട്ടിൽ, ടിയാന്റെ വിവരാവകാശ അപേക്ഷയിലെ രണ്ടാമത്തെ ചോദ്യത്തിന് ഡെപ്യൂട്ടേഷൻ കാലയളവിൽ 5 പേർ ഉള്ളതിൽ 4 പേർക്ക് പേ ഫിക്സേഷൻ അരിയർ പി. എഫ്. ൽ നിക്ഷേപിച്ചതായും ഒരാൾക്ക് അക്കൗണ്ടിൽ നിക്ഷേപിക്കാനുണ്ട് എന്നതിനാലാണ് ഇല്ല എന്ന് മറുപടി നൽകിയത് എന്നും അത്തരത്തിൽ ഒരാൾക്ക് പേ ഫിക്സേഷൻ അരിയർ നൽകാത്തത് കൊണ്ടാണ് മൂന്നാമത്തെ ചോദ്യത്തിന് ചില സാങ്കേതിക തടസ്സങ്ങൾ കാണുന്നു എന്ന് അറിയിച്ചിരുന്നത് എന്നും മറ്റുമാണ്.

5. പരാതിഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിക്കുമ്പോൾ, ടി വിവരാവകാശ അപേക്ഷയ്ക്ക് 05.11.2018 ൽ ഒരു മറുപടി നൽകി എന്ന എതിർകക്ഷിയുടെ മൊഴി കമ്മീഷൻ അംഗീകരിച്ചാലും പ്രസ്തുത മറുപടി തെറ്റും തെറ്റിദ്ധരിപ്പിക്കുന്നതുമാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ടിയാൻ ആവശ്യപ്പെട്ട രണ്ടും മൂന്നും ചോദ്യവുമായി ബന്ധപ്പെട്ട് 01.07.2014 മുതൽ 01.03.2018 കാലയളവിൽ ഡെപ്യൂട്ടേഷനിൽ പോയവരുടെ പേ ഫിക്സേഷൻ അരിയർ പി.എഫ് ൽ നിക്ഷേപിച്ചിട്ടുണ്ടോ എന്ന അന്വേഷണത്തിന് ഇല്ല എന്ന് മറുപടി നൽകുകയും തുടർന്ന് കമ്മീഷൻ മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചപ്പോൾ 4 പേരുടേത് നിക്ഷേപിച്ചിട്ടുണ്ട് എന്നും ഒരാളിന്റേത് നൽകിയിട്ടില്ല എന്നുള്ളത് കൊണ്ടാണ് ഇല്ല എന്ന മറുപടി നൽകിയത് എന്നും സാങ്കേതിക തകരാർ മൂലമാണ് പേ ഫിക്സേഷൻ അരിയർ പി.എഫിൽ നിക്ഷേപിക്കാൻ കഴിയാത്തത് എന്നുമുള്ള വിശദീകരണം കമ്മീഷൻ മുഖവിലക്കെടുക്കുന്നില്ല. ഇവിടെ പരാതിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയതിൽ മന:പൂർവം വീഴ്ച വരുത്തിയിട്ടുള്ളതാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ഇപ്രകാരം വീഴ്ച വരുത്തിയ എസ്.പി.ഐ.ഒ ശ്രീ. സജീവൻ. പി. എസ്സിനെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താൽക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയതു ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിക്കുന്നില്ലെങ്കിൽ ടി എതിർകക്ഷിക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ മേൽ വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതാണ്.

6. 2017 ൽ ലഭ്യമാക്കേണ്ട പേ റിവിഷൻ അരിയർ 2 വർഷം കഴിഞ്ഞ് 2019 ൽ ലഭ്യമായിട്ടുളളതായി കമ്മീഷൻ മനസ്സിലാക്കുന്നു. 2017 ൽ ലഭിക്കേണ്ട പേ റിവിഷൻ അരിയർ 2019 വരെ വൈകിപ്പിച്ച ഉദ്യോഗസ്ഥനെതിരെ വകുപ്പ് തലത്തിൽ പരാതി നൽകി പരിഹാരം കാണേണ്ടതാണെന്ന് പരാതിക്കാരന് നിർദ്ദേശം നൽകി കൊണ്ട് ഈ പരാതിഹർജി **ഇന്നേ ദിവസം 2020 ജനുവരി മാസം 31–ാം തീയതി തിർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
ശ്രീലത. പി.ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

RIGHT TO INFORMATION